ഇ-മെയിൽ:- : director.ims@kerala.gov.in, ഫോൺ നം.:0471-2323960

വെബ്സൈറ്റ്:-www.ims.kerala.gov.in

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**

**തിരുവനന്തപുരം - 14**

---

No.A2-3821/2022/DIMS തീയ്യതി :21-11-2023

## സർക്കുലർ

വിഷയം :-ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് -ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള ESI സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്ന നടപടികൾ - സംബന്ധിച്ച്

..........................................................................................

വകുപ്പിനു കീഴിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും കംപ്ട്രോളർ ആൻഡ് ഓഡിറ്റ് ജനറൽ നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ചുവടെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

1) എല്ലാ ആശുപത്രികളിലും ആശുപത്രി വികസന സമിതി (HDC) കളുടെ യോഗം കൃത്യമായ ഇടവേളകളിൽ സമയബന്ധിതമായി കൂടേണ്ടതും യോഗ തീരുമാനങ്ങൾ ചെലവ് കണക്കുകൾ എന്നിവ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അവരവരുടെ അധികാര പരിധിയിലുള്ള ESI ആശുപത്രികളിൽ സമയബന്ധിതമായി HDC യോഗം ചേരുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള എല്ലാസ്ഥാപനങ്ങളിലും 'Quality Control Services" മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി Complaint Box സ്ഥാപിക്കേണ്ടതാണ്. അവയിൽ ലഭിക്കുന്ന പരാതികൾ എല്ലാ മാസവും പരിശോധിച് പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളെയും സ്വീകരിച്ച നടപടികളുടെയും

കുറിച്ചുള്ള വിവരങ്ങൾ പ്രത്യേക രെജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും എല്ലാമാസവും ഡയറക്ടർക്കും RDD ക്കും റിപ്പോർട്ട് നൽകേണ്ടതുമാണ്.

3) ESI ആശുപത്രികളിലും ഡിസ്പെൻസറികളിലും മരുന്നുകൾ PRESCRIBE ചെയ്യുംമ്പോൾ ആയതിന്റെ കുറിപ്പടികൾ(prescription) "നാഷണൽ ഹെൽത്ത് മിഷൻ Assessor's ഗൈഡ് ബുക്കിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി "GENERIC NAME"-ൽ മാത്രം നൽകേണ്ടതാണ്. കൂടാതെ മരുന്നുകളുടെ കുറിപ്പടി Indian Medical Council Regulation 2002 നിഷ്കർഷിക്കുന്ന പ്രകാരത്തിൽ generic മരുന്നുകൾ prescribe ചെയ്യേണ്ടതും പ്രസ്തുത കുറിപ്പടികൾ(prescription) വ്യക്തമായി വായിക്കാൻ കഴിയുന്നതും (LEGIBLE ). Capital Letters-ലുമായിരിക്കണം.

Signed by
Malini S
Date: 21-11-2023 12:37:18

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

<u>സ്വീകർത്താവ്</u>

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിലുള്ള ഡിസ്പെൻസറികളിൽ വിവരം ധരിപ്പിക്കേണ്ടതാണ് )

2) എല്ലാ ESI ആശുപത്രി സൂപ്രണ്ടുമാർക്കും

3) എല്ലാ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർക്കും

4) ഐ.ടി ഡിവിഷൻ (വെബ്സൈറ്റിൽ ഇടുന്നതിന് )